GURUKULAM



# മഴവില്ലിനോട്

മഴവില്ലേ, മഴവില്ലേ,
മാനത്തെ നിറവില്ലേ.
          നിറമേഴും കാണട്ടെ
          കൺനിറയെ കാണട്ടെ.
ചിറകില്ലാ കുഞ്ഞുങ്ങൾ
എങ്ങനെ എത്തും നിന്നരികിൽ?
          മാനത്തെ കുടയോ നീ?
          മഴതോർന്നു കണ്ടില്ലേ?
മങ്ങുന്നോ, മറയുന്നോ
നിൻെറ നിറം മായുന്നോ
          നിറമേഴും പകരുന്നോ
          ഇലകൾക്കായ് നീ, കനിവില്ലേ?
ഇത്ര തിടുക്കം? പോവല്ലേ
അമ്മ വിളിച്ചോ, ചങ്ങാതി?
          എന്നു വരും, ഇനി എന്നു വരും, നീ
          പറയാമോ മഴവില്ലേ?